# ACADEMIC MASTER PLAN 2025-26

എ.യു.പി.എസ്
മുതുതല

Scanned with OKEN Scanner

1. വിദ്യാലയത്തിന്റെ പേര്: എ.യു.പി. സ്കൂൾ

വിലാസം: പി.ഒ. മുതുതല പട്ടാമ്പി 679303

2. സ്കൂൾ കോഡ്: 20662

3. വിദ്യാഭ്യാസ ഉപജില്ല: പട്ടാമ്പി

4. വിദ്യാഭ്യാസ ജില്ല: ഒറ്റപ്പാലം

5. റവന്യൂ ജില്ല: പാലക്കാട്

6. mil.cgd.mul. പട്ടാമ്പി

7. സി.ആർ.സി: പെരുമുടിയൂർ

8.ഗ്രാമപഞ്ചായത്ത്: മുതുതല

9. ബ്ലോക്ക് പഞ്ചായത്ത്: പട്ടാമ്പി

10.ജില്ലാ പഞ്ചായത്ത്: പാലക്കാട്

11. നിയമസഭാ മണ്ഡലം: പട്ടാമ്പി

12. ലോക സഭാ മണ്ഡലം: പാലക്കാട്

13. താലൂക്ക്: പട്ടാമ്പി

14. വില്ലേജ്: മുതുതല

15. ഇ. മെയിൽ: aidedupperprimary@gmail.com

Scanned with OKEN Scanner

**ആമുഖം**

മുതുതല വില്ലേജിലെ പുതു പാലത്തിനടുത്തുള്ള ആയുർവേദ ഡിസ്പെൻസറിയുടെ കിഴക്കുവശത്തുള്ള സ്ഥലത്ത് 1927 ൽ ഗവൺമെൻറ് അംഗീകാരത്തോടുകൂടി മുതുതല ലോവർ എലമെൻററി സ്കൂൾ എന്ന പേരിൽ ഈയ്ക്കാട്ടുമനക്കൽ വലിയ പരമേശ്വരൻ നമ്പൂതിരിപ്പാട് മാനേജറായി സ്കൂൾ സ്ഥാപിച്ചു.ആദ്യകാലങ്ങളിൽ ഒന്ന് മുതൽ അഞ്ചുവരെയുള്ള ക്ലാസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ .ഏകദേശം നൂറോളം വിദ്യാർത്ഥികളോടുകൂടി ഭരതപിഷാരടി ഹെഡ്മാസ്റ്ററും കൃഷ്ണൻ എഴുത്തച്ഛൻ മുതലായവർ അധ്യാപകരുമായിരുന്നു. 1930 കളിലെ അവസാനത്തിൽ 6, 7 ,8 എന്നീ ക്ലാസുകളോടുകൂടി ഉയർത്തി.1937 രാജാജി മുഖ്യമന്ത്രിയായി മദ്രാസ് പ്രസിഡൻഷ്യൽ കോൺഗ്രസ് കുറച്ചുകാലം ഭരണം നടത്തുകയും രാജാജിയുടെ പ്ലാൻ പ്രകാരം ഗ്രാമീണ വിദ്യാലയങ്ങളിൽ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തേനീച്ച വളർത്തൽ ,നെയ്ത്ത് തുടങ്ങിയ ധാരാളം തൊഴിൽ പരിശീലനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുകയും തുടർന്ന് നാൽപതുകളുടെ അവസാനമായപ്പോഴേക്കും ഏകദേശം 500 ഓളം കുട്ടികളുള്ള വിദ്യാലയമായി ഉയരുകയും ചെയ്തു.

തുടർന്ന് 1940 കളുടെ മധ്യത്തിൽ ഈയ്ക്കാട്ട് നീലകണ്ഠൻ നമ്പൂതിരിപ്പാട് ഹെഡ്മാസ്റ്ററും മാനേജറുമായി സ്ഥാനമേറ്റു. 1980 ൽ ആഗസ്റ്റ് മാസത്തിൽ അദ്ദേഹം നിര്യാതനായി. തുടർന്ന് ഭാര്യ സുഭദ്രാ അന്തർജ്ജനം മാനേജരാകുകയും ചെയ്തു.

2005ന്റെ തുടക്കത്തോടെ സമീപത്തെ എൽ.പി. വിദ്യാലയം അപ്ഗ്രേഡ് ചെയ്തതിനെ തുടർന്ന് കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. 2014 വരെ ഈ കുറവ് രേഖപ്പെടുത്തി. എന്നാൽ 2015ന്റെ ആരംഭത്തിൽ സ്കൂളിന്റെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി "വിഷൻ 90" എന്ന പദ്ധതി ആവിഷ്കരിക്കുകയും 2016ന്റെ ആരംഭത്തിൽ അതു ഫലപ്രാപ്തി കാണുകയും ചെയ്തു. ഇതിന്റെ ഭാഗമായി 2016 മുതൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവു തന്നെ കാണാൻ സാധിച്ചു.

ഇപ്പോൾ നിലവിൽ 1600-ൽ അധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലുണ്ട്. പ്രീ പ്രൈമറി മുതൽ ഏഴാം തരം വരെയുള്ള അഡ്മിഷനാണിവിടെ നടക്കുന്നത്. ഇപ്പോൾ 24 ക്ലാസ്സ് മുറികളോടുകൂടിയ പുതിയ കെട്ടിടവും പഴയ രണ്ടു കെട്ടിടവും നിലവിലുണ്ട്.

Scanned with OKEN Scanner

**ലക്ഷ്യങ്ങൾ.**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
- ഓരോ കുട്ടിയുടേയും കഴിവിനും അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കും.
- കലാകായിക മേഖലകളിൽ കഴിവു തെളിയിക്കുന്ന കുട്ടികൾക്ക് അതിനാവശ്യമായ അവസരങ്ങൾ ഒരുക്കിക്കൊടുക്കും.
- ഓരോ കുട്ടിക്കും സമൂഹത്തിൽ ജീവിക്കാനാവശ്യമായ അച്ചടക്ക ശീലങ്ങളും സാമൂഹ്യബോധവും മാനുഷിക മൂല്യങ്ങളും ഉറപ്പു വരുത്തും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് അത് കൈവരിക്കാനാവശ്യമായ പദ്ധതികൾ നടപ്പാക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്വയം രക്ഷയ്ക്ക് കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ പ്രാപ്തരാക്കുക.
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരി മുക്ത ക്യാമ്പുകൾ സംഘടിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും.
- കാർഷികസംസ്ക്കാരം പുതിയ തലമുറയിൽ വളർത്തി എടുക്കും. മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കും.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിൽ പഠനാന്തരീക്ഷം ഉണ്ടാക്കിയെടുക്കും.
- സ്കൂൾ ലൈബ്രറിയും ലബോറട്ടറി, സ്മാർട്ട് റൂം എന്നിവയും ആധുനിക വത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ശുചിത്വ ശീലത്തിൻറെ ഭാഗമായി വൃത്തിയും ആധുനിക സൗകര്യങ്ങളോടും കൂടിയ ശൗചാലയങ്ങൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നിർമ്മിക്കും.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ക്ലബ്ബുകളുടെ കീഴിൽ ദിനാചരണങ്ങൾ ആഘോഷങ്ങൾ മറ്റു പിന്തുണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് കൂടുതൽ മുൻതൂക്കം നൽകുക.
- ലഹരി വിമുക്തമായ ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ് നൽകും.
- സ്കൂളിലെ വൈദ്യുതി ആവശ്യങ്ങൾക്കായി സോളാർപാനലുകൾ സ്ഥാപിക്കുക.

Scanned with OKEN Scanner

**<u>നേരിടുന്ന വെല്ലുവിളികൾ</u>**

- ഭിന്നശേഷികാരുടെആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം കുറവാണ്.

- എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉള്ള അവസരങ്ങളോ അനുഭവങ്ങളോ സമയമോ ലഭ്യമാകുന്നില്ല.

- 80 ശതമാനത്തിൽ അധികം കുട്ടികളും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നതാണ് അതുകൊണ്ടുതന്നെ ഇവരുടെ സാമൂഹ്യ ചുറ്റുപാടിനെയും പഠനത്തെയും ബാധിക്കുന്നു.

- പഠനോപകരണങ്ങൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്.എല്ലാ ക്ലാസിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ മുന്നേറേണ്ടതുണ്ട്.

- എല്ലാ കുട്ടികൾക്കും പഠന പങ്കാളിത്തം ഒരുക്കുംവിധം പഠനപ്രക്രിയ സൂക്ഷ്മമായി അവതരിപ്പിക്കുന്നതിനും എല്ലാവരിലും ഓരോ പഠന നേട്ടവും ഉറപ്പാക്കുന്നതിനും സമയപരിമിതി തടസ്സമാകുന്നു.

- എല്ലാ കുട്ടികളുടെയും പരിഗണിക്കുന്ന പഠന നേട്ടം ഉറപ്പാക്കുന്ന വിധം പഠന പ്രവർത്തനങ്ങളെ സൂക്ഷ്മമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള ഒരനുഭവം പരിശീലനങ്ങളിലൂടെ ലഭിക്കേണ്ടതുണ്ട്.

Scanned with OKEN Scanner

## മേഖല ഭൗതികം നിലവിലുള്ള സാഹചര്യം

### ഉപമേഖല - പോഷകാഹാരം, വിതരണം, ഊട്ടുപുര

1) സ്റ്റീമർ (ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ആധുനിക സംവിധാനം)
2) എല്ലാ കുട്ടികൾക്കും ശുദ്ധീകരിച്ച് കുടിവെള്ള സംവിധാനം
3) വിളമ്പലിന് അധ്യാപകരുടേയും കുട്ടികളുടേയും രക്ഷിതാക്കളുടേയും സമിതി.
4) അധ്യാപകരും കുട്ടികളും വിദ്യാലയത്തിൽ നിന്നു തന്നെ ആഹാരം കഴിക്കുന്നു.
5) എല്ലാ ദിവസവും രാവിലെ എല്ലാ കുട്ടികൾക്ക് പോഷകസമൃദ്ധമായ പ്രഭാത ഭക്ഷണം.
6) കായിക വിദ്യാഭ്യാസ സൗകര്യം ( വിശാലമായ സ്കൂൾ മൈതാനം സജീവം)
7) P.T. മാസ്റ്റർക്കൊപ്പം ക്ലാസ് അധ്യാപകരും പരിശീലകർ
8) വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം
9) കരാട്ടെ ,സ്പോക്കൺ ഇംഗ്ലീഷ് ,അബാക്കസ് ക്ലാസുകൾ.

### ഉപമേഖല - സ്കൂൾ ആകർഷകത്വം.

1) ആധുനിക രീതിയിലുള്ള ഇരിപ്പിട സൗകര്യം.
2) ലൈബ്രറി നവീകരണം
3) ഡിജിറ്റൽ ക്ലാസ് റൂം നവീകരണം
4) ശുദ്ധീകരിച്ച കുടിവെള്ളവും കുടിവെള്ള കിണറും
5) ഫിക്സഡ് സ്റ്റേജും ഇരിപ്പിട സൗകര്യവും ഉള്ള ഓഡിറ്റോറിയം
6) കുടിവെള്ളത്തിനായി പ്രത്യേക സംവിധാനവും 6 ടാപ്പുകളും ഗ്ലാസുകളും .
7) കുട്ടികൾക്ക് കൈ കഴുകാൻ വിശാലമായ സംവിധാനം.
8) സി.സി.ടി.വി.ക്യാമറ
9) മാനേജർ റൂം, ഓഫീസ് റൂം, സ്റ്റാഫ് റൂം ഗസ്റ്റ് റൂം എന്നീ സംവിധാനത്തോടു കൂടിയ വിദ്യാലയ സംവിധാനം.
10) എല്ലാ ക്ലാസ്സുകളിലും സൗണ്ട് ബോക്സ് സിസ്റ്റം.
11) എല്ലാ കുട്ടികൾക്കും (ഒരു ക്ലാസിലെ) ഒരുമിച്ചിരുന്ന് പഠിക്കാനാവശ്യമായ കമ്പ്യൂട്ടറുകളോടു കൂടിയ ശീതീകരിച്ച ലാബ്
12) ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായിഓരോ ഫ്ലോറിലും പ്രൊജക്ടറുകൾ
13) എല്ലാ ക്ലാസുമുറികളിലും കേൾക്കും വിധത്തിലുള്ള ഇലക്ട്രോണിക് ബെൽ
14) സൗണ്ട് സിസ്റ്റം മൈക്ക് പബ്ലിക് അനൗൺസ്മെന്റ് സൗകര്യം.
15) വിദ്യാർത്ഥികളുടെ യാത്രക്കനുയോജ്യമായ പത്തോളം ബസ്സുകൾ.

Scanned with OKEN Scanner

16) ശീതീകരിച്ച പ്രീപ്രൈമറി ,1 ,5 ക്ലാസ് മുറികൾ

**ഉപമേഖല. വിദ്യാലയ പരിസരം ( വിദ്യാലയം ഒരു പാഠ പുസ്തകം)**

1) പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ കൈമാറലും നടീലും
2) സ്കൂൾ പാർലിമെന്റ്

**ഉപമേഖല - എല്ലാ ക്ലാസ്സുകളിലും മൾട്ടിമീഡിയ സൗകര്യം**

1) ഒരു ക്ലാസിലെ എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് കമ്പ്യൂട്ടർ പഠനം സാധ്യമാക്കാൻ 35ലധികം കമ്പ്യൂട്ടറുകളും പ്രത്യേക കമ്പ്യൂട്ടർ അധ്യാപികയും.
2) പ്രത്യേക സ്മാർട്ട് റൂം സംവിധാനം.
3) C.C.TV, സംവിധാനം
4) പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം.

**ഉപമേഖല - ശുചിത്വം.**

1) S.P.G കുട്ടികളുടെ പ്രത്യേക സേവനം.
2) ഇരുനിലകളിലുള്ള ആധുനിക ടോയ്‌ലറ്റ് സൗകര്യങ്ങൾ
3) ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ.
4) അംഗവൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക ടോയ്‌ലറ്റ് സംവിധാനം.
5) വിദ്യാലയത്തിന്റെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടോയ്‌ലറ്റുകൾ ക്ലീൻ ചെയ്യുന്നതിനും Teachers Fund ഉപയോഗപ്പെടുത്തി ആളെ നിയമിച്ചിരിക്കുന്നു.
6) വാട്ടർ പ്യൂരിഫയർ ഉപയോഗിച്ച് ശുദ്ധീകരിച്ച വെള്ളം തിളപ്പിച്ചാറിയ വെള്ളം എന്നീ സംവിധാനങ്ങൾ.
7) പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.
8)ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനുള്ളനിക്ഷേപിക്കുന്നതിനുള്ള പ്രത്യേക സംവിധാനം.
9) ശുചീകരണത്തിനാവശ്യമായ നാൽപ്പതിലധികം പൈപ്പുകൾ ( മഴ നനയാതെ കൈകഴുകാനുള്ള ജലം പാഴാക്കാതെ ഉപയോഗിക്കുന്നതിനുതകുന്ന രീതിയിലുള്ള പ്രത്യേ വാഷ്ബെയ്സണുകളും ടാപ്പുകളും).

Scanned with OKEN Scanner

10) എല്ലാ ക്ലാസ്സുകളിലും Mat, Mop സൗകര്യങ്ങൾ

11) വൃത്തിയുള്ളതും ആധുനിക സംവിധാനത്തോടു കൂടിയ മുപ്പതിലധികം ക്ലാസ്സുകൾ

12) വൃത്തിയുള്ളതും സ്റ്റീമറടക്കമുള്ള ആധുനിക സംവിധാനത്തോടുകൂടിയ അടുക്കള.

**<u>ഉപമേഖല - മാധ്യമ പ്രവർത്തനം.</u>**

1) PTA യുടെ വാട്സ്ആപ്പ് കൂട്ടായ്മ.

**<u>ഉപമേഖല - വ്യക്തിത്വ വികാസം, സർഗാത്മക വികാസം- ശില്പശാലകൾ.</u>**

1) ബാലസഭ (രചന മത്സരങ്ങൾക്കും പ്രാധാന്യം)

2) കൗൺസലിംങ് ക്ലാസ്സുകൾ ( അമ്മമാർക്കും, കുട്ടികൾക്കും)

3) സ്പോക്കൺ ഇംഗ്ലീഷ്, ചിത്രരചന, സംഗീതം, നൃത്തം, അബാക്കസ് എന്നിവ നടത്തി വരുന്നു.

4) പഞ്ചാക്ഷരി

**<u>ഉപമേഖല - ആശയവിനിമയശേഷി വികാസം.</u>**

1) ഒന്നാം ക്ലാസു മുതൽ സംസ്കൃതം, അറബി ഭാഷാ പഠനം.

2) ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ താൽപര്യമുളവാക്കാൻ ഇംഗ്ലീഷ് ഫെസ്റ്റ്.

3) വിവിധ ഭാഷകളിൽ അസംബ്ലി.

**<u>ഉപമേഖല - പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ.</u>**

1) മൂന്ന് ഭാഷകളിലും എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പൊതുധാരയിൽ എത്തിക്കുന്നതിനായി പ്രത്യേക സമയം കണ്ടെത്തി പരിഹാര പ്രവർത്തനം (പഞ്ചാക്ഷരി).

2)പ്രതിഭകളായ കുട്ടികളെ ഉപയോഗിച്ച് ക്ലാസ് തലത്തിൽ പിന്നോക്കക്കാരെ പരിശീലിപ്പിക്കുന്നു.

**<u>ഉപമേഖല - പ്രതിഭാ പോഷണം പദ്ധതി.</u>**

Scanned with OKEN Scanner

1) എല്ലാ സ്കോളർഷിപ്പുകൾക്കും പരിശീലനം (LSS, USS,Etc.,.)

**ഉപമേഖല - മേളകളിലെ മികവ്.**

1) സ്കൂൾ തല മേളകൾ - ശാസ്ത്രം, സാമൂഹ്യശാസ്ത്രം, കായികമേള, കലാമേള, ഗണിതം, IT എന്നീ മേഖലകളിൽ സംഘടിപ്പിച്ചു.

2) പട്ടാമ്പി ഉപജില്ലാ ശാസ്ത്രോത്സവത്തിൽ മിന്നുന്ന പ്രകടനം

3) യുപി ശാസ്ത്രമേളയിൽ ഓവറോൾ ഒന്നാം സ്ഥാനം

4) എൽപി ശാസ്ത്രമേളയിൽ ഓവറോൾ ഒന്നാം സ്ഥാനം

5) യുപി സാമൂഹ്യശാസ്ത്രമേളയിൽ ഓവറോൾ ഒന്നാം സ്ഥാനം

6) എൽപി ഗണിത മേള ഓവറോൾ മൂന്നാം സ്ഥാനം

7) യുപി ഗണിത മേള അഞ്ചാം സ്ഥാനം

8) യുപിഐടി മേളയിൽ ഓവറോൾ അഞ്ചാം സ്ഥാനം

9) യുപി പ്രവൃത്തി പരിചയമേളയിൽ ഓവറോൾ അഞ്ചാം സ്ഥാനം

10) എൽ പി പ്രവൃത്തി പരിചയ മേളയിൽ ഓവറോൾ നാലാം സ്ഥാനം

11) കലോത്സവങ്ങളിലെ മികച്ച വിജയം

12) യുപി ജനറൽ ഓവറോൾ ഒന്നാം സ്ഥാനം

13) യുപി സംസ്കൃതം ഓവറോൾ ഒന്നാം സ്ഥാനം

14) യുപി അറബിക് ഓവറോൾ രണ്ടാം സ്ഥാനം

15) എൽ പി അറബിക് ഓവറോൾ മൂന്നാം സ്ഥാനം

16) ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത് നിവേദ് കൃഷ്ണൻ ,ശരത് , കൃഷ്ണ, സ്മൃതി കൃഷ്ണ ,നിവേദ്യ ,രുദ്ര ,സെറിൻ, ധന ,നിയ, നിവേദ്

17) സി എച്ച് പ്രതിഭാക്വിസ് സംസ്ഥാനതല നാലാം സ്ഥാനം നേടി വൈഖരി സാവിത്രി

18) മയിൽപ്പീലി സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച പ്രകടനം

19) ജില്ലാതല ചെസ്സ് മത്സരത്തിൽ മികച്ച വിജയം നേടിയ ദയ

20) പട്ടാമ്പി ഉപജില്ലാതല പെൺകുട്ടികളുടെ ഫുട്ബോൾ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി

21) സബ്ജില്ലാതല നീന്തൽ മത്സരത്തിൽ യുപി ഓവറോൾ നേടി

22) സബ്ജില്ല അത്‌ലറ്റിക്സിൽ മുഹമ്മദ് സിനാൻ വ്യക്തിഗത ചാമ്പ്യൻ സ്ഥാനം നേടി

23) സംസ്ഥാനതല പെൺകുട്ടികളുടെ റഗ്ബി മത്സരത്തിൽ ചാമ്പ്യന്മാർ ആയി

24) ജിവിരാജ സ്പോർട്സ് സ്കൂളിലേക്ക് അഡ്മിഷൻ നേടി നിവേദ്യ

Scanned with OKEN Scanner

**<u>നിലവിലുള്ള മറ്റ് അക്കാദമിക പശ്ചാത്തലം.</u>**

- വാർത്താ ബോർഡ്, സ്കൂൾ റേഡിയോ.
- സർക്കാർ ഏജൻസികൾ നടത്തുന്ന സാഹിത്യ മത്സരങ്ങൾക്ക് കുട്ടികളെ പങ്കെടുപ്പിക്കൽ
- എല്ലാ കുട്ടികൾക്കും അപകട ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്
- വിദ്യാലയത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഗുരുതര രോഗം ബാധിച്ചവർക്കും സാമ്പത്തിക സഹായവും കൈത്താങ്ങും ഈ വിദ്യാലയത്തിലെ പദ്ധതികളിൽ പെടുന്നു.

**<u>ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ</u>**

- ✓ പഠന പിന്തുണ വേണ്ട കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകൽ
- ✓ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ കുട്ടികളുടെ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കൽ
- ✓ കുട്ടികൾക്കുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്
- ✓ എൽഎസ്എസ്, യു എസ് എസ് കുട്ടികൾക്ക്പൂർവ്വ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രത്യേക പരിശീലനം
- ✓ മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കൽ
- ✓ രക്ഷിതാക്കൾക്കുള്ള പ്രത്യേക ബോധവൽക്കരണ ക്ലാസ്
- ✓ പുതിയ പഠനാനുഭവങ്ങൾ നൽകുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കും
- ✓ കലാകായികമേളകളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീലനം
- ✓ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുന്ന രീതിയിൽ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കും
- ✓ സ്കൂളിലെ വൈദ്യുത ആവശ്യങ്ങൾക്കായി സോളാർ സ്ഥാപിക്കുക

Scanned with OKEN Scanner

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് ഒന്ന്**

**ആമുഖം**

പൊതു വിദ്യാഭ്യാസത്തിൻ്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യംമുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.
പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

**വിഷയം - മലയാളം**

**ലക്ഷ്യങ്ങൾ**

*ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
*എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള വരാക്കുക
*സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
*പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
*ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
*പത്രം തയ്യാറാക്കുന്നു.
സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *വായന | *ചിത്ര വായന<br>*വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>*വായനാ മൂല ഒരുക്കൽ<br>*പത്രവായന<br>*വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | *ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>*സചിത്ര ബുക്ക്<br>* സംയുക്ത ഡയറി എഴുത്ത് | | | |

Scanned with OKEN Scanner

*ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു
ആ അക്ഷരം എഴുതുന്നു
*ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു
എഴുതുന്നു.
*സാങ്കൽപ്പിക ഡയറി എഴുതുന്നു
*വരികൾ കൂട്ടിച്ചേർക്കുന്നു
* ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു
*സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു

English

Aim

To speak, read and write English without any mistakes

| Aim | Activities | Support | Month | Financial resources |
|---|---|---|---|---|
| Skills | * To devolve listening skills and reading skills | Teachers parents | June | |
| | *Description, growing sentences, picture reading, riddles, quiz. | | July | |
| Reading skills | *Reading breaking news | | | |
| | *Find words from reading materials | | | |
| | *Rhyming words | | July | |
| | *Describing words from text book activities | | August | |
| Writing skills | *Make word web | | September | |
| | *Picture description | | October | |
| Writing skills | *Word chain | | November | |
| | * Make word web | | December | |
| | | | January | |
| | *Story telling | | | |
| | *Riddles | | February | |
| | *Conversion | | March | |

Scanned with OKEN Scanner

14

ഗണിതം

ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
2. [illegible] വരെയുള്ള എണ്ണങ്ങളുടെ ചെറുത്, വലുത്, കൂടുതൽ, കുറവ് എന്നിവ [illegible] തിരിച്ചറിയുന്നു
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ആശയം | പ്രവർത്തനം | പിന്തുണ | മാസം | സ്വാംശീകരണ [illegible] |
|---|---|---|---|---|
| സംഖ്യാ ബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>* സംഖ്യാ കാർഡ് നിർമ്മിക്കൽ | * ബ്ലോക്കുകൾ<br>* മഞ്ചാടിക്കുരുക്കൾ | ജൂൺ | |
| ഗണിത കിറ്റ് | * ഗണിത പഠനത്തിന് സഹായകമായ രീതിയിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് ഒരുക്കുന്നു. | | ജൂലൈ | |
| വലിയ സംഖ്യ ചെറിയ സംഖ്യ | *ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | ആഗസ്റ്റ് | |
| സമാന ഗ്രൂപ്പുകൾ | * സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ<br>* [illegible] സംഖ്യകൾ ചേർത്ത് സമാന ഗ്രൂപ്പുകൾ നിർമ്മിക്കൽ.<br>*ഒന്നിനോടൊന്നു ചേർത്താൽ അടുത്ത സംഖ്യ കിട്ടും | | സെപ്റ്റംബർ | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | * ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* തന്നിരിക്കുന്ന സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിഞ്ഞ് ഇണചേർക്കൽ | | ഒക്ടോബർ | |
| സംഖ്യാ ഗാനങ്ങൾ | * സംഖ്യാ ഗാനങ്ങൾ പാടുന്നു, അഭിനയിക്കുന്നു<br>ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരം ആക്കുന്നു | | നവംബർ | |
| നമ്പർ കിറ്റ് | * സംഖ്യകളെ സൂചിപ്പിക്കുന്ന നമ്പർ പ്രവർത്തനങ്ങൾ<br>* My number book തയ്യാറാക്കൽ | | ഡിസംബർ | |
| വ്യവകലന പ്രവർത്തനങ്ങൾ | * ഒരു സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യ കുറയ്ക്കുന്ന വ്യവകലന പ്രവർത്തനങ്ങൾ<br>10-1=9, 10-2=8, 10-3=7. ...... ... | | ജനുവരി | |
| ചിഹ്നങ്ങൾ തിരിച്ചറിയൽ ഗണിത കിറ്റ് | * സങ്കലനം, വ്യവകലനം (+,-) എന്നീ ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതുന്നു.<br>* ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>*സംഖ്യകളുടെ ചെറുത്, വലുത് തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിന്റെ സഹായത്തോടെ. | | ഫെബ്രുവരി<br>മാർച്ച് | |

Scanned with OKEN Scanner

# പരിസരപഠനം

## ക്ലാസ്- 1

**ലക്ഷ്യങ്ങൾ**

*ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന്കണ്ടെത്തുന്നു..

*വിവിധതരം സസ്യങ്ങൾ(വലിയ മരങ്ങൾ, ചെറിയ ചെടികൾ,പൂക്കുന്നവ,പൂക്കാത്തവ)കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

*സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.

*പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ(നിറം,ഇതളുകളുടെ എണ്ണം,പ്രയോജനം,ചെറുത് വലുത്) പട്ടികപ്പെടുത്തുന്നു.

*നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു

*പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *ചെടികൾ നിരീക്ഷിച്ച്പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | *പ്രകൃതി നടത്തം *ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു *പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | * ജൂൺ * ജൂലൈ * ആഗസ്ത് | അധ്യാപകർ PTA അംഗങ്ങൾ രക്ഷിതാക്കൾ | |
| *ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | * സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു. *പൂന്തോട്ടത്തിൽ നിന്നുംചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | * സെപ്തംബർ *ഒക്ടോബർ *നവംബർ | അധ്യാപകർ PTA | |
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | *പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ | * ഡിസംബർ | രക്ഷിതാക്കൾ | |

Scanned with OKEN Scanner

# പരിസരപഠനം

## ക്ലാസ്- 1

**ലക്ഷ്യങ്ങൾ**

*ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തത

*വിവിധതരം സസ്യങ്ങൾ(വലിയ മരങ്ങൾ, ചെറിയ ചെ

ട്ടികപ്പെടുത്തുന്നു.

*സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ

കണ്ടെത്തുന്നു.

*പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ(നിറം,ഇതളുകളുടെ

ട്ടികപ്പെടുത്തുന്നു.

*നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴ

കണ്ടെത്തുന്നു

*പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമ |
|---|---|---|---|
| *ചെടികൾ നിരീ | *പ്രകൃതി നടത്തം | | അധ്യ |
| ക്ഷിച്ച്പൂക്കളിൽ | *ചുറ്റുപാടുമുള്ള | * ജൂൺ | |
| നിരവധി | മരങ്ങൾ ചെടികൾ | | PTA ( |
| വ്യത്യസ്തതകൾ | നിരീക്ഷിക്കുന്നു * | ജൂലൈ | രക്ഷ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |



Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |



Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്ത് വിശകല |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

3 / 5

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

Scanned with OKEN Scanner

മാസ്റ്റർ പ്ലാൻ

2025-2026

# മേഖല - അക്കാദമികം

## ഉപമേഖല - ഭാഷ

## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയൽ | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| ~~വായനാ പരിപോഷണം~~ | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ - ഡിസംബർ | അധ്യാപകർ SMC | SMC |
| | 3) ചിത്രഗ്യാലറി | ജനുവരി | മാതാപിതാക്കൾ ക്ലബ്ബുകൾ | ക്ലബ് SMC SRG |
| വായന പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ് SMC SRG |
| | 2) വായനക്കുറി | ആഴ്ചയിലൊന്ന് | | |
| | 3) നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ഓഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യക്ലബ് | വായനശാല |

Scanned with OKEN Scanner

മേഖല: അക്കാദമികം

ഉപ മേഖല: ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞ് ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ- മാർച്ച് | ടീച്ചർ | SSA<br>SRG |
| | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | Class Teacher<br>English Club | SMC |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | SSA | SSA |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | Class Teacher<br>English club | SMC |

Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG | |
| പ്രകൃതി - വിഭവസംരക്ഷണം | പ്ലാസ്റ്റിക് മാലിന്യ- സംസ്കരിച്ച് ഉപയോഗിക്കൽ നടീൽ, വൃക്ഷ- വിത്തും ജലസ്രോതസ്സുകൾ | ജൂലൈ ഡിസംബർ | | Nil |
| ശാസ്ത്ര - പരീക്ഷണത്തിൽ താല്പര്യം ജനിപ്പിക്കൽ | പരിസ്ഥിതി സംരക്ഷണം ബോധവൽക്കരണ നാട്ടറിവുകൾ ശാസ്ത്ര പതിപ്പുകൾ അടുക്കളയിലെ ഉപകരണം നിർമ്മാണം ശാസ്ത്രമേളയിൽ | | കുട്ടികൾ ടീച്ചേഴ്സ് SRG | |

Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| ജ്യാമിതീയ സന്ദർഭങ്ങൾ തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും ഒറിഗാമിയിലൂടെ രൂപങ്ങൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ്ടീച്ചർ | SSA സ്റ്റാഫ് SMC |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് : IV

ലക്ഷ്യം :- നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും സമഗ്രവും, ആസ്വാദ്യകരവുമായ പഠനം ഉറപ്പിക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പ്രധാന തത്വങ്ങൾ :- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും കലാപരവുമായ അവബോധം വളർത്തൽ.

മധുരം- മലയാളം - ഭാഷാപഠനം

കളിക്കാം... ഗണിക്കാം... - ഗണിതപഠനം.

5/6/25

മലയാളം

| | പ്രവർത്തനം | ലക്ഷ്യം | സമയം | ഫണ്ട് |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ. | |
| 2. | വായിക്കാം... വളരാം. | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ. | |
| 3. | ക്ലാസ് വായന, ക്ലാസ് ലൈബ്രറി, പുസ്തക പരിചയം. | വായനാ ശേഷി വികസിപ്പിക്കുന്നതിന്. | | |
| 4. | വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, താരതമ്യ കുറിപ്പ്. | ലേഖന ശേഷി വളർത്തൽ | | |
| 5. | എഴുതാം.. തെളിയാം. | എഴുത്ത് പരിപോഷിപ്പിക്കൽ. | വർഷം മുഴുവൻ | |
| 6. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | |
| 7. | എഴുത്തുകാരുമായി സംവദിക്കൽ. | ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം. | |
| 8 | രുചിച്ചറിയാം... ഭക്ഷ്യമേള,- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിൽ ഒരുതവണ | |



Scanned with OKEN Scanner

| | | | |
|---|---|---|---|
| 9. | ഓർക്കാം... അഭിമാനിക്കാം. (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം. |
| 10. | സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിതത്തെ ആസ്പദമാക്കി പതിപ്പ് നിർമ്മാണം, പ്രദർശനം. | | |
| 11 | കലക്കൂട്ട് - കലാകാരന്മാരുടെ ക്ലാസ്. | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന്. |
| 12 | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ - പ്രദർശനം. → സർഗ്ഗോത്സവം, കലാവതരണം, കലാഉപകരണങ്ങൾ, ചമയങ്ങൾ - പ്രദർശനം. | | വർഷത്തിൽ ഒന്ന്. |
| 13 | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | സർഗ്ഗശേഷി വികസനം. | വർഷാവസാനം. |

Scanned with OKEN Scanner

| | | ഗണിതം<br>ലക്ഷ്യം | സമയം | ചെലവ് |
|---|---|---|---|---|
| 1 | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. | ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വർഷം മുഴുവൻ | |
| 2. | മൂല്യനിർണയം — കോണിയും പാമ്പും ഡയസ് കളി സങ്കലനം, വ്യവകലനം ക്രിയ വാക്യങ്ങൾ. | | | |
| 3.<br>4 | ഒറിഗാമിയിലൂടെ പഠിക്കാം.<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം. | ഉചിതമായ സമയത്ത്. | |
| 5 | ഗണിത ലാബ് | ഗണിത പഠനം സുഗമമാക്കൽ, ഗണിത ലാബ്, തുടങ്ങിയ ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | |
| 6. | ഗണിതമൂല :- ഗണിതമൂല ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ൨൪ |
| 7 | പഠനോപകരണ ശില്പശാല. | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | |
| 9 | ഗണിതമേള.— പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം. | ഗണിത ശേഷികളുടെ പോഷണം. | വർഷത്തിലൊന്ന് |
| 10. | ~~പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം~~ | | |
| 11 | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ _ മലയാളം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br><br>(പഞ്ചാക്ഷരി) | എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരത്തെറ്റുകൂടാതെ എഴുതാനും ഒഴുക്കോടേയും അക്ഷരശുദ്ധിയോടെയും വായിക്കാനുമുള്ള കഴിവ് കൈവരിക്കൽ.<br><br>വാക്കുകളിലൂടെ വാചകങ്ങളിലേക്ക്. | അക്ഷരങ്ങൾ , ചിഹ്നങ്ങൾ ഉൾപ്പെടുന്ന വാക്കുകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.അതിൽനിന്ന് പ്രവർത്തനം ആരംഭിക്കുന്നു.<br><br>സിനിമാതാരത്തോടൊപ്പം _ കുട്ടികൾക്ക് ഇഷ്ടപ്പെട്ട നമ്മുടെ സിനിമാതാരങ്ങളുടെ ഫോട്ടോകൾ ,സിനിമാ പേരുകൾഎന്നിവ ഉപയോഗപ്പെടുത്തി ഒരു കുട്ടി ഒരു താരത്തെ പരിചയപ്പെടുത്തുന്നു. ഒരു ദിവസം ഒരു താരത്തിന്റെ പേര് വായിക്കുന്നു എഴുതുന്നു.<br><br>ഓരോ താരം/വ്യക്തിയുമായി ബന്ധപ്പെട്ട ചെറുവാക്യങ്ങൾ ഓരോ കുട്ടിയും ഓരോ ദിവസവും അവതരിപ്പിക്കുന്നു.<br><br>(ഗ്രൂപ്പ് പ്രവർത്തനം)<br><br>അക്ഷരകേളി _ വീട്ടുപകരണങ്ങൾ, വാഹനങ്ങൾ, സ്ഥലനാമങ്ങൾ, ഇന്റർനെറ്റ് പദങ്ങൾ, സിനിമാപേരുകൾ എന്നിവ ഉപയോഗിച്ചുള്ള വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ അവസാന വാരം<br><br>ജൂലൈ ഒന്നാം വാരം, രണ്ടാം വാരം<br><br>ജൂലൈ മൂന്നാം വാരം ,<br><br>നാലാം വാരം | ക്ലാസ് ടീച്ചർ | ടീച്ചേഴ്സ് ഫണ്ട് |

Scanned with OKEN Scanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കുസൃതി ചോദ്യങ്ങൾ, കടങ്കഥകൾ, വാക്യകേളി (സിനിമാഗാനങ്ങൾ വരികൾ പൂരിപ്പിക്കൽ) എന്നിവ മറ്റുള്ളവരുടെ സഹായത്തോടെ കുട്ടി എഴുതുന്നു.വായിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം). | ആഗസ്റ്റ് | | |
| | | | ടിന്റുമോൻ തമാശകൾ, സിനിമയിലെ തമാശരംഗങ്ങൾ എന്നിവ കുട്ടികൾ ബോർഡിൽ എഴുതുന്നു.വായന , ആസ്വാദനം , എഴുത്ത്. | സെപ്തംബർ _ ഒക്ടോബർ | | |
| | | | നർമ്മകവിതകൾ, കുഞ്ഞുണ്ണിക്കവിതകൾ എഴുതുന്നു ചൊല്ലുന്നു. ഓർത്തെടുത്ത് കാണാതെ എഴുതി അവതരിപ്പിക്കുന്നു.<br>(ഗ്രൂപ്പ് പ്രവർത്തനം) | | | |
| | | | ഡയറിയുടെ മാതൃകകൾ പരിചയപ്പെടുത്തുന്നു. ഓരോരുത്തരും ഡയറി എഴുതിത്തുടങ്ങുന്നു. | നവംബർ 1 മുതൽ 15 വരെ | | |
| | | | കളിക്കുടുക്ക , മിന്നാമിന്നി , കുട്ടിക്കഥകൾ എന്നിവ വായിക്കുന്നു. വായിച്ചവ സ്വന്തമായി ഓർത്ത് എഴുതുന്നു. | | | |
| | | | പത്രങ്ങൾ, മാസികകൾ, നാടൻപാട്ടുകൾ ഇവ വായിക്കുന്നു ഓർത്ത് | | | |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ _ മലയാളം

| | | | | | | |
|---|---|---|---|---|---|---|
| | | | എഴുതുന്നു. ഈ പ്രവർത്തനങ്ങൾ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും വരെ തുടരും. | | | |
| 2. | കുട്ടിയെ നല്ല വായനക്കാരനാക്കൽ. | സ്കൂൾ ലൈബ്രറികളിലൂടെയും മറ്റു വായനാസാമഗ്രികളിലൂടെയും കുട്ടിയെ മികച്ച വായനക്കാരനാക്കുക. ഇതിലൂടെ പല ഭാഷാശേഷികളിലേക്ക് കുട്ടി എത്തുന്നു. | ബാലമാസികൾ ,ആനുകാലികങ്ങൾ, ബാലസാഹിത്യങ്ങൾ എന്നിവ വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.സാഹിത്യകാരൻമാരെ പരിചയപ്പെടുന്നു. | 1വർഷം | | |
| 3. | ദിനാചരണങ്ങൾ | മലയാള ഭാഷയുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ. | വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.കുട്ടികൾക്കുള്ള രചനാമത്സരങ്ങൾ നടത്തുന്നു. | 1വർഷം | ഭാഷാധ്യാപകർ. | |

Scanned with OKEN Scanner

# എ യു പി സ്കൂൾ മുതുതല

## അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി (اللغة العربية)

**ആമുഖം**

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാംസ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.മുസ്ത്വഫാ ലുത്ഫീ മൻഫലൂതി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ് അറബി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായണഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ'ബെന്യാമീന്റെ 'ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

**അറബിക് പഠന വിഭാഗം**
**എ യു പി സ്കൂൾ മുതുതല**

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | **മൂന്ന് മാസം** | പുസ്തകങ്ങൾ,<br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ** ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സിഡികൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***<u>അറബി ടൈപിംഗ്</u>***<br>അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

Scanned with OKEN Scanner

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| | | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSC<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം .<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSC<br>SMC<br>OSF |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൗകര്യം, വെബ്സൈറ്റുകൾ |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഉർദു

G.U.P.S. [illegible]
2025-26

| നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യ. |
|---|---|---|---|---|---|---|
| 1 | സുനോ ഔർ പഢോ | ഉർദു ഭാഷയിൽ കേൾക്കാനും വായിക്കാനും അവസരം ഒരുക്കുക | ICT സഹായത്താൽ ഉർദു ഗീതികൾ, കഥകൾ, കവിതകൾ കേൾക്കുന്നു. സ്ക്രീൻ, ചാർട്ട് റീഡിംഗ് കാർഡുകൾ എന്നിവ ഉപയോഗിച്ച് വായിക്കുന്നു. | ജൂൺ ജൂലൈ | ഉർദു അധ്യാപകൻ | ടീച്ചേഴ്സ് ഫണ്ട്. |
| 2 | പ്യാരി ഉർദു | ഉർദുവിനോട് സ്നേഹം, ദേശാഭിമാനം എന്നിവ ഉണ്ടാക്കുക | ഉർദു പതിപ്പുകൾ, ഗസലുകൾ സംഘടിപ്പിക്കാം, ശേഖരിക്കുന്നു അവതരിപ്പിക്കുന്നു. ഉർദു ഗീതികൾ കാണുന്നു. | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | ഉർദു അധ്യാപകൻ | ടീച്ചേഴ്സ് ഫണ്ട്. |
| 3 | ഉർദു കേ സാഥ് ചലേം | ദിനാചരണങ്ങളിലൂടെ സാഹിത്യ ബോധം വളർത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ, ക്വിസ്, വായനം, ലേഖനം ... തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. | ജൂൺ to ഫിബ്രവരി | ഉർദു ടീച്ചേഴ്സ് സ്റ്റുഡന്റ്സ് | ടീച്ചേഴ്സ് ഫണ്ട്. |
| 4 | ഉർദു കേ പർവാനേ | ഉർദു സാഹിത്യശാഖകൾ, സാഹിത്യകാരന്മാർ എന്നിവരെ പരിചയപ്പെടുക | ഉർദു ബാലസാഹിത്യങ്ങൾ ശേഖരിക്കുന്നു. വായിക്കുന്നു. വായനാക്കുറിപ്പുകൾ എഴുതുന്നു. | നവംബർ ഡിസംബർ ജനവരി | ഉർദു അധ്യാപകൻ | ടീച്ചേഴ്സ് ഫണ്ട്. |
| 5 | ഉർദു സർഗോശിയാം | ഉർദു മാസിക, കൃതികൾ സംഘടിപ്പിച്ച് തയ്യാറാക്കുക അവതരിപ്പിക്കുക | വിദ്യാർത്ഥികളുടെയും കൃതികൾ ഉൾപ്പെടുത്തി മാസിക നിർമ്മാണം അവതരണം, ഗസലാലാപനം എന്നിവക്ക് വേദിയൊരുക്കുന്നു. | ഫിബ്രവരി മാർച്ച് | ഉർദു അധ്യാപകൻ | ടീച്ചേഴ്സ് ഫണ്ട്. |

കോ-ഓർഡിനേറ്റർ - [illegible] BRC

# A.U.P.SCHOOL MUTHUTHALA.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 2026
## SANSKRIT

ആമുഖം

2025- 2026 അധ്യയന വർഷം ഒരുപാട് മേഖലകളിൽ മാറ്റം വരുത്തുവാൻ ആയി ഗവൺമെൻറ് മുന്നോട്ടുവയ്ക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ സമഗ്ര ഗുണമേന്മ പദ്ധതിയോടുകൂടി മാറ്റത്തിനുള്ള ഒരു തുടക്കവുമായാണ്. വിദ്യാഭ്യാസമേഖലയെ ഉയർത്തിയെടുക്കാനും കുട്ടികളുടെ സാമൂഹിക വൈകാരിക വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധിക്കുകയും അതിനുതകുന്ന സാഹചര്യങ്ങൾ, വിദ്യാലയം, കുട്ടിയുടെ വീട്, രക്ഷിതാക്കൾ ,സാമൂഹിക പ്രവർത്തകർ, മറ്റു സഹായസഹകരണങ്ങൾ നൽകുന്ന മേഖലയുടെ സഹകരണം എന്നിവയോടുകൂടി നടപ്പാക്കേണ്ടതാണ് .

ഈ അധ്യായനവർഷം മുതൽ ഓരോ കുട്ടിയെയും ഒരു അടിസ്ഥാന യൂണിറ്റായി കണ്ടുകൊണ്ട്, വ്യക്തിഗതമായ പരിഗണനയിലൂടെ അവരുടെ പാഠ്യ പാഠ്യേതര മേഖലകളിലേക്ക് അധ്യാപകരുടെയും വിദ്യാഭ്യാസ സാമൂഹിക മേഖലയുടെയും നിരീക്ഷണവും മുന്നൊരുക്കങ്ങളും ആവശ്യമാണ്. ഭാഷാപരമായ മേഖലയിൽ ഇതുവരെ ശ്രദ്ധിച്ചു കൊണ്ടിരുന്നത് അക്ഷരജ്ഞാനം, വായന, എഴുത്ത്, സംഭാഷണം , അവതരണം, അടിസ്ഥാനപരമായ വ്യാകരണ സവിശേഷതകൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുക എന്നതാണ് .

സംസ്കൃത ഭാഷയുടെ പരിചയപ്പെടലും അതിനെ ആധുനിക ശാസ്ത്ര സാങ്കേതിക മേഖലയിലേക്ക് ബന്ധിപ്പിക്കുന്നതുമായിട്ടാണ് പാഠപുസ്തകങ്ങൾ പരിചയപ്പെടുമ്പോൾ നമുക്ക് മനസ്സിലാകുന്നത് .ഒരു പുരാതന ഭാഷയെ ആധുനികരിക്കുകയും ലളിതമായ രീതിയിൽ ക്ലാസ് ,സ്കൂൾ തലങ്ങളിൽ പരിചയപ്പെടുത്തുകയും സംസ്കൃത ഭാഷയുടെ ഉള്ളിൽ മറഞ്ഞു കിടക്കുന്ന പദസമ്പത്ത്, ശാസ്ത്രീയത എന്നിവ കുട്ടികളിലേക്ക് എത്തിക്കുക എന്നതാണ് ഈ അധ്യയനവർഷം ഊന്നൽ നൽകുന്നത് .മുൻ വർഷങ്ങളിൽ ക്ലാസ് അധിഷ്ഠിതമായ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടായിരുന്നില്ല .5 ,6 ,7 ക്ലാസുകളിൽ വ്യത്യസ്തമായ പ്ലാനുകൾ ആവശ്യമാണെന്ന് ഈ വർഷം ശ്രദ്ധിക്കേണ്ടിയിരിക്കുന്ന പ്രധാന കാര്യം.കുട്ടികൾ അവർ ഇപ്പോൾ നിൽക്കുന്ന തലങ്ങളിൽ നിന്ന് ഒരുപടി ഉയർത്താൻ ഉള്ള പ്ലാനിങ് ആവശ്യമാണ് എന്നതാണ് .ശ്രവണ, ഭാഷണ ,ലേഖന,ആശയ അവതരണ മേഖലകളിൽ മേന്മ ആർജിച്ചെടുക്കേണ്ടതാണ് പ്രധാന പഠന നേട്ടങ്ങൾ .

അവസ്ഥ പഠനങ്ങൾ

സ്കൂളിനെയും മുഴുവനായി ഒരു യൂണിറ്റായി കണ്ടുകൊണ്ടായിരുന്നു മുൻകാല പ്രവർത്തനങ്ങൾ .4 ,5 ,6 ,7 എന്നീ ക്ലാസ്സുകളിലാണ് സംസ്കൃത പഠനം നടക്കുന്നത് ഭാഷാ പഠനത്തിൽ എഴുത്ത് വായന തുടങ്ങിയ മേഖലകളാണ് ഇതുവരെ പ്രധാനമായും ശ്രദ്ധിച്ചിരുന്നത് ഏഴാം ക്ലാസിൽ എത്തുമ്പോഴേക്കും ഈ രണ്ടു മേഖലകളിൽ 60% കുട്ടികൾ മികവ് ആർജിക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടുന്നു. എന്നാൽ 40% കുട്ടികൾ ഇപ്പോഴും അക്ഷരാവഗമനത്തിൽ ശ്രദ്ധ വേണ്ടപോലെ ലഭിക്കുന്നില്ല എന്നുവേണം പറയാൻ . ഈ 40% കുട്ടികൾ പിറകോട്ട് പോകുന്നത് അവരുടെ ഭാഷാപഠനത്തിലെ കുറവിൻറെ കാരണങ്ങൾ നിരീക്ഷിക്കാത്തതിലൂടെയും പല സാഹചര്യക്കുറവുകൾ കൊണ്ടും ആണ് .രക്ഷിതാക്കൾ ആഗ്രഹിക്കുന്ന തരത്തിലേക്ക് ഉയർത്താൻ കൂടുതൽ അധ്യാപക ,അധ്യാപകേതര സങ്കേതങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ

1. ക്ലാസുകൾ ആസ്വാദ്യകരങ്ങൾ ആകുന്നില്ല.
2. കുട്ടികളുടെ ശ്രദ്ധയും നിരീക്ഷണങ്ങളും വളരെ കുറയുന്നു .

Scanned with OKEN Scanner

3.ക്ലാസ് തല പ്ലാനിങ്ങുകളുടെ അഭാവം .
4. വേണ്ടതായ വിലയിരുത്തലുകൾ കുറയുന്നു .
5. സാങ്കേതികവിദ്യകൾ ഉപയോഗിക്കാത്തത് .
6. ഉൽപ്പന്നങ്ങൾ വിലയിരുത്താൻ അവസരങ്ങൾ കുറയുന്നു .
7. ലക്ചറിംങ് മെത്തേഡ് കൂടുതൽ ഉപയോഗിക്കുന്നത് വിരസമാകുന്നു
8,പുതിയ ആശയ തലങ്ങൾ സ്പർശിക്കായ്ക.
9. ഗൃഹാന്തരീക്ഷം, സാമൂഹിക, വൈകാരിക പശ്ചാത്തലം.
10 .ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രവർത്തനങ്ങളിലുള്ള ശ്രേണി വൽക്കരണം.

പ്രശ്നങ്ങളും അവയുടെ കാരണങ്ങളും

1.നിശ്ചിതമായ പ്ലാനിങ് കുറവ് .
2 എല്ലാ വിദ്യാർത്ഥികൾക്കും പല കാരണങ്ങളാൽ അധ്യയനാവസരങ്ങൾ കുറയുന്നു
3 .വീണ്ടും വീണ്ടും അവർക്ക് കൂടി ക്ലാസ് ആവർത്തിക്കേണ്ടി വരുന്നു .
4 .ഉയർന്ന നിലവാരം ,ഇടയ്ക്കു നിൽക്കുന്ന നിലവാരം ,തീരെ താഴ്ന്ന നിലവാരം തുടങ്ങിയ എല്ലായിടങ്ങളിലും കാണപ്പെടുന്നു .
5.പ്രവർത്തനങ്ങൾ ഇങ്ങനെ തരംതിരിച്ച് കൊടുക്കാൻ നിർബന്ധിതരാകുന്നു. 6.വിലയിരുത്തലുകൾ നോട്ടുപുസ്തക വിലയിരുത്തൽ ഇവ മെച്ചപ്പെട്ടിട്ടില്ല.
7. ഗൃഹ സന്ദർശനത്തിനും രക്ഷിതാക്കളോടുള്ള സമ്പർക്കക്കുറവ് സാമൂഹിക പശ്ചാത്തലം ,വൈകാരിക മേഖലകൾ മനസ്സിലാക്കാൻ കഴിയാതെ വരിക തുടങ്ങിയവ ഇവയ്ക്ക് കാരണമാകുന്നു.

ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തുക

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1ഓരോ പാഠപുസ്തകത്തിലെ പഠന ലക്ഷ്യങ്ങൾ യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കുട്ടിക്ക് ലഭിക്കുക.
2.പാഠപുസ്തകത്തിലെ പദങ്ങളുടെ അർത്ഥം മലയാളത്തിൽ പഠിക്കുക .
3.ഏകവചന , ബഹുവചന ,ശബ്ദങ്ങൾ വേർ തിരിച്ചറിയുക .
4. അക്ഷരങ്ങൾ കാണുമ്പോൾ മനസ്സിലാക്കുക
5 .കൂട്ടി വായിക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ .
1.പഠന ലക്ഷ്യത്തിലേക്ക് എത്തുക .
2.വിലയിരുത്താനായി നിശ്ചിത ഇടവേളകളിൽ യൂണിറ്റ് ടെസ്റ്റുകൾ നടത്തുക.
3. 5 ഉം 7ഉം പഴയ ചോദ്യപേപ്പറുകൾ യൂണിറ്റ് ടെസ്റ്റിൽ ചേർക്കുക.
4. വ്യാകരണ മേഖലകളെ പരിചയപ്പെടുത്തുക .
5 പുതിയ പദങ്ങൾ കണ്ടെത്തി തുടർപ്രയോഗത്തിനായി ഒരു നിഘണ്ടു നിർമ്മിക്കുക.
6. അനുരൂപീകരണത്തിനായുള്ള സാഹചര്യങ്ങൾ കണ്ടെത്തി കുട്ടികൾക്ക് ആ സാഹചര്യം സൃഷ്ടിക്കുക .
7. പഴയ സംസ്കൃത ആശയങ്ങളെ കുട്ടികളിൽ എത്തിക്കാനായി കളികൾ വായന തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക.

ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി

Scanned with OKEN Scanner

| ഇനങ്ങൾ | ലക്ഷ്യം | പരിപാടികൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| സംസ്കൃതത്തെ പരിചയപ്പെടൽ | സംസ്കൃതഭാഷയെ പ്രാഥമികതലത്തിൽ പരിചയപ്പെടുത്തുന്നു | സുഭാഷിതങ്ങളെ പരിചയപ്പെടൽ | ജൂൺ രണ്ടാഴ്ചകളിൽ | അധ്യാപകൻ | സ്കൂൾ തലം |
| അവർക്കറിയുന്ന അക്ഷരങ്ങളും പദങ്ങളും എഴുതി കൊണ്ടുവരുക | സംസ്കൃതം എഴുതുന്ന കുട്ടികളും എഴുതാത്തവരെയും കണ്ടെത്തൽ | സുഹൃത്തിനെ കണ്ടെത്തുക പരിചയപ്പെടുത്തുക. | മൂന്നാം ആഴ്ച മുതൽ | | |
| സംസ്കൃത ക്ലബ്ബ് ഉണ്ടാക്കുക പേര് അമൃത മസി | കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ നേതൃപാടവം കണ്ടെത്തുന്നു തുടർ പ്രവർത്തനങ്ങൾ നടത്താൻ അവരെ ചുമതലപ്പെടുത്തുന്നു | അക്ഷരമാല പഠിക്കാൻ തുടങ്ങുക | | | |
| പത്ത് പേരടങ്ങുന്ന കുട്ടികളുടെ ഒരു കമ്മറ്റി രൂപീകരിക്കുക | പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത അറിയുന്നു | കമ്മിറ്റി വിളിക്കുന്നു അഞ്ചിൽ നിന്നും ആറിൽ നിന്നും ഏഴിൽ നിന്നും നാലിൽ നിന്നും കൂടി പത്തു പേരെ ഒരു കമ്മിറ്റിയായി തിരഞ്ഞെടുക്കുന്നു. | | | |
| പരിസ്ഥിതി ദിനാചരണം, വായനാദിനാചരണം നടത്തുക | വായന കുട്ട വായന പാഠവായന ഇവ നടത്തുന്നു വായനയുടെ | പോസ്റ്റർ നിർമ്മാണം സുഭാഷിതങ്ങൾ കണ്ടെത്തൽ | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | പുരോഗതി വിലയിരുത്തുന്നു | പരിസ്ഥിതി ദിനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ | | | |
| പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു തൈ നടുക .ആ ചെടിയുടെ സംസ്കൃത പേര് കണ്ടെത്തി വരിക .വായനാദിനമായി ബന്ധപ്പെട്ട് പുരാണ ഇതിഹാസങ്ങളിലെ ചെറുകഥകൾ മലയാളത്തിലോ സംസ്കൃതത്തിലോ അവതരിപ്പിക്കുക | | | | | |

Scanned with OKEN Scanner

# ENGLISH



Scanned with OKEN Scanner

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br><br>February | English Teachers | English Club |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities:**<br><br>**Differentiation and Support:** | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.**<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **Parent Involvement** | **development at home, including book recommendations, reading strategies, and language enrichment activities.**<br><br>**Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.**<br><br>**Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.**<br><br>**Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

Scanned with OKEN Scanner

# ACADEMIC MASTERPLAN
# HINDI
# 2025-26

Scanned with OKEN Scanner

മേഖല : അക്കാദമികം      ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സയൻസ്

Scanned with OKEN Scanner

മേഖല : UP സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം പ്രകൃതി സ്നേഹവും സംരക്ഷണവും ഓരോരുത്തരുടെയും കടമയാണെന്ന് ബോധ്യപ്പെടുത്തുക. | * കുട്ടികൾ പരസ്പരം വിത്ത്/തൈ കൈമാറി നട്ട് സംരക്ഷിക്കുന്നു.<br>* വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം.<br>* ഉപയോഗശൂന്യമായ പേനകൾ എന്നിവ നിക്ഷേപിക്കുന്നതിനുള്ള ബോക്സ് സ്ഥാപിക്കുന്നു.<br>* കുളം, കാവ്, പുഴ തുടങ്ങിയ ആവാസ വ്യവസ്ഥകളിലേക്കുള്ള ഫീൽഡ്ട്രിപ്പ് | ജൂൺ – ജൂലൈ | അധ്യാപകർ | സയൻസ് ഫണ്ട് |
| ശാസ്ത്രാഭിരുചി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>* ശാസ്ത്രകിറ്റ് നിർമ്മാണം | * ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ തലങ്ങളിലുള്ള അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ക്ലാസ് തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>* നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ നടത്തുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>* ശാസ്ത്രാന്വേഷണവും ആശയങ്ങളും വിനിമയങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രചുവർ നിർമ്മിക്കുന്നു.<br>* കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രപുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. | 1 വർഷം | അധ്യാപകർ | സ്പോൺസർഷിപ്പ്. |
| ശാസ്ത്ര ആശയങ്ങൾ ആശയ അന്വേഷണങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സ്പോൺസർഷിപ്പ് |



Scanned with OKEN Scanner

| ഗണിതം -അക്കാദമിക് മാസ്റ്റർ പ്ലാൻ -2025-26 | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനകാര്യം |
| 1 | ഗണിതം മധുരം | ഗണിതത്തോടുള്ള കുട്ടികളുടെ താല്പര്യം വർധിപ്പിക്കുന്നതിനും, രസകരമായ രീതിയിൽ ഗണിത ക്രിയകൾ വേഗത്തിൽ ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനും | ◆ ഓരോ ക്ലാസ്സിലും സമ്പൂർണ ഗുണനപട്ടിക പഠനം നിർബന്ധമാക്കുന്നു. ◆ ദിവസവും ക്ലാസ്സിൽ ഒരു പസിൽ നൽകി വിജയികളെ കണ്ടെത്തുന്നു. ◆ മനക്കണക്കുകൾ നൽകുന്നു. ◆ ക്വിസ് മത്സരങ്ങൾ നടത്തുന്നു. | June | ഗണിത ക്ലബ് | |
| 2 | ഗണിത കേളി | കുട്ടികളിൽ സർഗ്ഗാത്മകത വളർത്തുന്നതിനും, ആസ്വാദ്യകരമായ രീതിയിൽ പഠനാശയങ്ങൾ മനസ്സിലാക്കുന്നതിനും. | ◆ വിവിധ ഈണങ്ങളിൽ ഉള്ള ഗുണനപ്പട്ടിക ആലാപനം. ◆ ചതുഷ്ക്രിയയുമായി ബന്ധപ്പെട്ട കളികൾ. ◆ മാഗസിൻ നിർമാണം. ◆ കഥ, കവിത, രചന മത്സരങ്ങൾ ◆ ഗണിതപാട്ടുകൾ | | ഗണിത അധ്യാപകർ | |
| 3 | ശില്പ ശാല | പ്രശ്ന പരിഹരണത്തിന് ശാസ്ത്രീയസമീപനം സ്വീകരിക്കുന്നതിനും കൃത്യതയോടെ കാര്യങ്ങൾ ചെയ്യുന്നതിനും. | ◆ ജോമെട്രിക്കൽ ചാർട്ട്. ◆ ഒറിഗാമി. ◆ പഠനോപകരണ നിർമാണം. ◆ ഗണിതമാതൃകകൾ ◆ ടാൻഗ്രാം | July | ഗണിത അധ്യാപകർ | ടീച്ചേഴ്സ് ഫണ്ട് |
| 4 | ഗണിത അസംബ്ലി | ഗണിതത്തിന് ജീവിതത്തിലുള്ള പ്രാധാന്യം മനസ്സിലാക്കുന്നതിനും താല്പര്യം വളർത്തുന്നതിനും. | ◆ ഗണിത പഴഞ്ചൊല്ലുകൾ. ◆ കടങ്കഥ. ◆ കുസൃതി ചോദ്യങ്ങൾ. ◆ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. ◆ പ്രസംഗം. ◆ ഗണിത പാട്ടുകൾ. | August | | |
| 5 | പഠന വിഭവങ്ങൾ | പഠിക്കുവാനുള്ള കാര്യങ്ങൾ കൃത്യതയോടെ മനസ്സിലാക്കുന്നതിന്. | ◆ ഗണിത നിഘണ്ടു. ◆ ഗണിത പുസ്തകം. ◆ ലൈബ്രറി വികസിപ്പിക്കൽ. ◆ ലാബ് സജ്ജീകരണം. ◆ ഐസിടി പ്രയോജനപ്പെടുത്തൽ. | Sep-Dec | ഗണിത അധ്യാപകർ | ടീച്ചേഴ്സ് ഫണ്ട്, പിടിഎ |
| 6 | ഗണിത അനുഭവം | ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നതിന് | * ഗണിത പാർക്ക് * ഫീൽഡ് ട്രിപ്പ് * ചോദ്യബാങ്ക് നിർമ്മാണം | JAN – MARCH | ഗണിത അധ്യാപകർ | ടീച്ചേഴ്സ് ഫണ്ട് |

Scanned with OKEN Scanner

# സോഷ്യൽ സയൻസ് - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | പഠന യാത്ര | ചരിത്രപ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കുകയും ചരിത്രശേഷിപ്പുകൾ കണ്ടു മനസിലാക്കാനും സാധിക്കുന്നു. കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജൂൺ -ജനുവരി |
| 2 | ക്വിസ് മത്സരങ്ങൾ | ആഴ്ചതോറും ക്വിസ് മത്സരങ്ങൾ നടത്തുന്നു. ആനുകാലിക സംഭവങ്ങൾ കുട്ടികൾ അന്വേഷണ ത്വരയോടു കൂടി മനസ്സിലാക്കുന്നു | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജൂൺ - മാർച്ച് |
| 3 | ഐ സി ടി സഹായത്തോടുകൂടി സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പ്. | സ്കൂൾ പാർലിമെന്റ് നടപടിക്രമങ്ങൾ മനസ്സിലാക്കാൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജുലൈ |
| 4 | നിറയുന്ന ഭൂപടം | ജില്ലകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ എന്നിവയുടെ സ്ഥാനം മനസ്സിലാക്കാൻ. പത്രങ്ങളിൽ വരുന്ന പ്രധാന വാർത്തകൾ കണ്ടെത്തി അവ നടന്ന രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവ ഭൂപടത്തിൽ രേഖപ്പെടുത്തുന്നു പത്രവായന എന്ന ശീലം ഇതിലൂടെ വളർത്തിയെടുക്കുന്നു. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജൂൺ - മാർച്ച് |
| 5 | ചരിത്രപ്രധാനമായ ദിനാചരണങ്ങൾ | ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ ഓർമ്മപ്പെടുത്തുന്നതിന് . ചരിത്ര പ്രധാന സംഭവങ്ങൾ മനസ്സിലാക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജൂൺ - മാർച്ച് |
| 6 | കാലാവസ്ഥാ നിരീക്ഷണം | കേരളത്തിൽ മാറിമാറി വരുന്ന കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | ജൂൺ - മാർച്ച് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | | കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് | | |

Scanned with OKEN Scanner